നൈപുണ്യം പദ്ധതി

301 (990) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗാർത്ഥികൾക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ച നൈപുണ്യം പദ്ധതിയിൽ അഴിമതിയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി രൂപീകരിച്ച കെ.എ.എസ്.ഇ. (കെയ്സ്) എന്ന സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനത്തിനെതിരെ വിജിലൻസിന്റെ രഹസ്യാന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത സ്ഥാപനംകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടോ ; എത്ര പേർക്ക് ഇവിടെ നിന്നും തൊഴിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ നൈപുണ്യ വികസന കേന്ദ്രങ്ങളായ NICE (Nursing Institute for Career Enhancement), CAT (Centre for Advanced Training in Security), കൗശലകേന്ദ്രം (കൊല്ലം), കൗശലകേന്ദ്രം (കോഴിക്കോട്), വിവിധ എംപ്ലോയബിലിറ്റി സെന്ററുകൾ, (കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ) എന്നിവയിലൂടെ നാളിതുവരെ 21,370 പേർക്ക് തൊഴിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

ഐ. ടി. ഐ. കളുടെ നവീകരണം

302(991) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളുടെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.-യിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ഐ.ടി.,ഐ.-കളുടെ നിലവാരമുയർത്തൽ പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 4 ഐ. ടി.ഐ.-കൾ ഉൾപ്പെടെ 26 ഐ.ടി.ഐ.കളിലും ഐ.ടി.ഐ.-കളിലെ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി ആ സ്ഥാപനത്തിന്റെ അപ്ഗ്രഡേഷന് ആവശ്യമായ പ്രോജക്ട് തയ്യാറാക്കി സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിനു സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 26 ഐ.ടി.ഐ.കൾക്കും 2.5 കോടി രൂപ ക്രമത്തിൽ 65 കോടി രൂപ പലിശ രഹിത വായ്പയായി അനുവദിച്ചിട്ടുള്ളത്. അതനുസരിച്ച് 5 വർഷം കൊണ്ടാണ് ഈ തുക ചെലവാക്കേണ്ടത്. ഈ പദ്ധതി മോണിറ്റർ ചെയ്യുന്നതിനു സംസ്ഥാനത്ത് സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയെ സഹായിക്കുന്നതിന് സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ സെല്ലും രൂപീകരിച്ചിട്ടുണ്ട്. ഐ.ടി.ഐ.-കളുടെ നവീകരണത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾക്കായി താഴെപ്പറയുന്ന തുക 2015-16 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്:

1. റീവാമ്പിംഗിന്റെ ഭാഗമായി പഴയ ട്രേഡുകൾ നിറുത്തലാക്കി, ടൂൾസ്, യന്ത്രോപകരണങ്ങൾ എന്നിവ സംഭരിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനുമായി- 250 ലക്ഷം രൂപ.
2. എൻ.സി.വി.ടി. റീഅഫിലിയേഷന് വേണ്ടി-1500 ലക്ഷം രൂപ.
3. എൻ.സി.വി.ടി. അഫിലിയേഷൻ ലഭിക്കുന്നതിന് യന്ത്രോപകരണങ്ങൾ സംഭരിക്കുന്നതിന്- 500 ലക്ഷം രൂപ.
4. വർക്ക്ഷോപ്പ് കെട്ടിടങ്ങൾ പുതുക്കി നിർമ്മിക്കുന്നതിന്- 300 ലക്ഷം രൂപ.
5. ഇലക്ട്രിഫിക്കേഷൻ വർക്ക്-അരീക്കോട് ഐ.ടി.ഐ. ഉൾപ്പെടെ) 17 ഐ.ടി.ഐ.-കളിൽ ഇലക്ട്രിഫിക്കേഷൻ വർക്ക് നടത്തുന്നതിന് 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. ഐ.ടി.ഐ.-കളിൽ ഐ.റ്റി. ലാബ് ആരംഭിക്കുന്നതിന് 141 ലക്ഷം രൂപ.

7. വിവിധ ഐ.ടി.ഐ.-കളിൽ ക്ലാസ് റൂം, വർക്ക്ഷോപ്പ് നിർമ്മിക്കുന്നതിന്- 240 ലക്ഷം രൂപ.

8. 10 ഐ.ടി.ഐ.-കളിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് 30 ലക്ഷം രൂപ.

(ബി) ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുക, ഐ.ടി.ഐ.-കളുടെ അടിസ്ഥാന സൗകര്യം വിപുലീകരിക്കുക, വർക്ക്ഷോപ്പുകൾ നവീകരിച്ച് യന്ത്ര സാമഗ്രികൾ/പണിയായുധങ്ങൾ പരിഷ്കരിക്കുക. ഫർണിച്ചറുകൾ, പാഠപുസ്തകം, പഠന സാമഗ്രികൾ, കമ്പ്യൂട്ടർ പ്രോഗ്രാമുകൾ എന്നിവ സമാഹരിച്ച് പഠന നിലവാരം മെച്ചപ്പെടുത്തുക ഇതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ നിർവ്വഹിക്കുക തുടങ്ങിയ പ്രവൃത്തികളാണ് നടത്തുന്നത്.

(സി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.-യിൽ ഈ പദ്ധതിയുടെ ഭാഗമായി പുതിയ കെട്ടിടം പണിയുകയും ജനറൽ കാർപ്പന്റർ, പ്ലംബർ, റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ് മെക്കാനിക്ക് എന്നീ ട്രേഡുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ.-യ്ക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ഐ.റ്റി.ഐ. പാഠ്യപദ്ധതി പരിഷ്കരണവും കോഴ്സുകൾ ആരംഭിക്കലും

303 (992) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം ഐ.റ്റി.ഐ.-കളിലെ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിലുണ്ടായിരുന്ന ഏതെങ്കിലും കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്നും എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(സി) പുതിയതായി ഏതെല്ലാം കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്; പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ഐ.റ്റി.ഐ.-കൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly